# കേരളത്തിലെ സർക്കാർ / എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജ് അധ്യാപകരുടെ ജോലിഭാരംപുനർ നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പ്രത്യാഘാതങ്ങൾ പഠിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്.


**കമ്മിറ്റിയംഗങ്ങൾ**

**ഡി . കെ സതീഷ്**

**പ്രൊഫ. കെ . എസ് . ജയചന്ദ്രൻ**

**ഡോ . കെ .പി .സുകുമാരൻ നായർ**



**തിരുവനന്തപുരം**

**ആഗസ്റ്റ് , 2022**

## ഉള്ളടക്കം


| നമ്പർ | ശീർഷകം | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 03-04 |
| 2. | ഉന്നതവിദ്യാഭ്യാസരംഗം | 05-06 |
| 3. | ജോലിഭാരവും തസ്തിക നിജപ്പെടുത്തലും | 06-12 |
| 4. | കമ്മിറ്റിയുടെ രൂപീകരണവും പ്രവർത്തനവും | 12-17 |
| 5. | 01/04/2020 ലെ ഉത്തരവിന്റെ പ്രത്യാഘാതങ്ങൾ | 18-28 |
| 6. | കമ്മിറ്റിയുടെ ശുപാർശകൾ | 28-29 |

## 1. ആമുഖം

കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ നിർണായക ഘടകമാണ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ. ബിരുദ, ബിരുദാനന്തര പഠനത്തിനായി ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ആശ്രയിക്കുന്നത് ആർട്സ് ആൻഡ് സയൻസ് കോളേജുകളെയാണ്. അറുപത്തിയാറ് സർക്കാർ കോളേജുകളും 163 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ സർക്കാർ /എയ്ഡഡ്മേഖലയിൽ 229 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നു. കേരള, മഹാത്മാ ഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളോട് അഫിലിയേറ്റ്ചെയ്താണ് ഈ കോളേജുകൾ പ്രവർത്തിക്കുന്നത്. 2020 - 2021 ൽ ഈ സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ എണ്ണം 3.39 ലക്ഷമാണ്. ഇതിൽ 2.21 ലക്ഷം പെൺകുട്ടികളാണ് (65.3ശതമാനം). ബിരുദ വിദ്യാർത്ഥികളുടെ എണ്ണം 295417 ആണ്.ബിരുദാനന്തര വിദ്യാർഥികളുടെ എണ്ണം 44160 .വിദ്യാർത്ഥികളിൽ 9.23 ശതമാനം പട്ടികജാതി വിഭാഗത്തിൽ പെട്ടവരും 2.17 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുമാണ്. ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ എണ്ണം 10136 ആണ്. ഇതിൽ 57.4 ശതമാനം വനിതകളാണ്. അധ്യാപകരിൽ 4201 (41.4 ശതമാനം) പേർക്ക് പി . എച് .ഡി ബിരുദമുണ്ട്. സ്ഥിരം അധ്യാപകർക്ക് പുറമേ 3866 ഗസ്റ്റ് അധ്യാപകരും ഈ മേഖലയിൽ ജോലി ചെയ്യുന്നു. കേരള സ്റ്റേറ്റ് പ്ലാനിങ് ബോർഡ് തയ്യാറാക്കിയ എക്കണോമിക് റിവ്യൂ 2021നെ അവലംബമാക്കിയുള്ള കണക്കുകളാണിത്. സർക്കാർ/ എയ്ഡഡ് കോളേജുകളെ കൂടാതെ 300 ഓളം സ്വാശ്രയ കോളേജുകളും ആർട്സ് ആൻഡ് സയൻസ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ്കോളേജുകളിലെ അധ്യാപകരുടെ ജോലിഭാരവും തസ്തികകളുംപുനർനിർണയിച്ചുകൊണ്ട്സർക്കാർ 01.04.2020 ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഉത്തരവിന് 9.05.2018 മുതൽ മുൻകാല പ്രാബല്യവുംനൽകി. ദീർഘകാലമായി നിലനിന്നിരുന്ന പിജി വെയിറ്റേജ് എടുത്തു കളയുകയും,ജോലിഭാരം16 മണിക്കൂറിൽ താഴെയാണെങ്കിൽ സിംഗിൾ ഫാക്കൽറ്റി

വിഷയങ്ങളിൽ പോലും സ്ഥിരനിയമനം പാടില്ലെന്നും പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കണമെന്നും ഉത്തരവിൽ സർക്കാർ വ്യവസ്ഥചെയ്തു. സർക്കാർ / എയ്ഡഡ് കോളേജ് അധ്യാപകർക്ക് നിയമപരമായി അനുവദിക്കപ്പെട്ടിരുന്ന സ്ഥലം മാറ്റ സൗകര്യവും ഉത്തരവിലൂടെ ഇല്ലാതായി. ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലായാൽ അധ്യാപകരുടെ ജോലിഭാരം ഗണ്യമായി വർദ്ധിക്കുമെന്നും അധ്യാപകരുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടാകുമെന്നും ഇത് അക്കാദമികവും ഭരണപരവുമായ ഗുരുതരമായ പ്രതിസന്ധികൾക്ക് വഴി വെക്കുമെന്നും വ്യാപകമായ വിമർശനം ഉയർന്നുവന്നു. ഉത്തരവിന്റെ മുൻകാല പ്രാബല്യം സങ്കീർണമായ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഇതേ തുടർന്ന് ഉത്തരവിന്റെ മുൻകാല പ്രാബല്യം ഉപേക്ഷിക്കുകയും 01.06.2020 മുതൽ ഉത്തരവ് നടപ്പാക്കിയാൽ മതിയെന്ന് 11.09.2020ൽ സർക്കാർ ഉത്തരവാകുകയും ചെയ്തു. ഉത്തരവിനെ സംബന്ധിച്ച് ഉയർന്നു വന്ന ആശങ്കകളുടെയും പരാതികളുടെയും പശ്ചാത്തലത്തിൽ ഉത്തരവിന്റെ പ്രത്യാഘാതങ്ങൾ പഠിച്ച്റിപ്പോർട്ട് സമർപ്പിക്കുവാൻ 04.05.2022ൽ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

കമ്മിറ്റി ഈ വിഷയത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തി. പഠനത്തിൻറെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റുകൾ, പ്രിൻസിപ്പൽമാർ, അധ്യാപകർ എന്നിവരുടെ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും (സ്റ്റേക്ക് ഹോൾഡേഴ്സ്) അഭിപ്രായം ആരായുകയും സർവകലാശാല നിയമങ്ങൾ, യുജിസി റെഗുലേഷനുകൾ, വർക്ക് ലോഡ് സംബന്ധിച്ച് കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പഠനവിധേയമാക്കുകയും ചെയ്തു.01.04.2020ലെ ഉത്തരവിന്റെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ കണ്ടെത്തലുകളും ശുപാർശകളുമാണ് റിപ്പോർട്ടിന്റെ ഉള്ളടക്കം.

## 2. ഉന്നതവിദ്യാഭ്യാസരംഗം

സമാനതകളില്ലാത്ത മാറ്റങ്ങളിലൂടെയാണ് ഇന്ന് ദേശീയ - അന്തർദേശീയ ഉന്നത വിദ്യാഭ്യാസ രംഗം കടന്നു പൊയ്ക്കോണ്ടിരിക്കുന്നത്. കോഴ്സുകളുടെ ഘടനാപരമായ മാറ്റങ്ങളും വൈവിധ്യവൽക്കരണവും ഒക്കെത്തന്നെ ഇന്ന് ആഗോളതലത്തിൽ ആവശ്യമായി വന്നിരിക്കുന്നു. തൊഴിൽ നേടുന്നതിന് അനുരൂപമായ രീതിയിൽ കോഴ്സുകൾ പുനഃസംഘടിപ്പിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും സർവകലാശാലകളും ഊന്നൽ നൽകുന്നുണ്ട്. കേരളത്തിൽ നടപ്പിലാക്കിയ ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം (CBCSS), ബിരുദ - ബിരുദാനന്തര കോഴ്സുകൾക്ക് ഏകരൂപമായ ഘടനയും വിദ്യാർത്ഥി കേന്ദ്രീകൃതമായ പഠനരീതികളും വിഭാവനം ചെയ്യുന്നു. അതിന് അനുസൃതമായ മാറ്റങ്ങൾ പാഠ്യപദ്ധതിയിലും ജോലിഭാരത്തിലും വന്നുചേർന്നു. പാഠ്യേതര പ്രവർത്തനങ്ങളിലും അക്കാദമിക - ഗവേഷണപ്രവർത്തനങ്ങളിലും അധ്യാപകർക്ക് ജോലിഭാരം വർധിച്ചു.

കഴിഞ്ഞ രണ്ടു വർഷമായി ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രതിസന്ധി സൃഷ്ടിച്ച കോവിഡ് മഹാമാരി ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ പ്രവർത്തനങ്ങളെയും ബാധിച്ചു. എന്നാൽ ഓൺലൈൻ ക്ലാസുകളിലൂടെ അധ്യയന നഷ്ടം നല്ലൊരു പരിധി വരെ കുറയ്ക്കുവാൻ അധ്യാപക സമൂഹത്തിന് കഴിഞ്ഞു. അധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ ഓൺലൈൻ ക്ലാസ് പരിശീലന പരിപാടികൾ സംഘടിപ്പിച്ചത് മാതൃകാപരമായ പ്രവർത്തനമായിരുന്നു. സർക്കാരിന്റെയും സർവ്വകലാശാലകളുടെയും അധ്യാപകരുടെയും കൂട്ടായ ശ്രമത്തിലൂടെ അക്കാദമിക വർഷം നഷ്ടപ്പെടാതെ യഥാസമയം പരീക്ഷകളും ഫലപ്രഖ്യാപനവും നടത്താൻ കഴിഞ്ഞത് വലിയ നേട്ടമായി.

കേരളീയ സമൂഹത്തെ ഒരു വിജ്ഞാന സമൂഹമായും സമ്പദ്ഘടനയെ വിജ്ഞാന സമ്പദ്ഘടനയായും മാറ്റിയെടുക്കുവാനാണല്ലോ സർക്കാർ ലക്ഷ്യമിടുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും തുല്യതയും പ്രാപ്യതയും കൈകവരിക്കാൻ കഴിഞ്ഞാൽ ഈ പരിവർത്തനം എളുപ്പമാകും.

സമൂഹത്തിൽ നിലനിൽക്കുന്ന ഡിജിറ്റൽ വിഭജനം ലഘൂകരിക്കുക എന്നതും പ്രധാനമാണ്. കേരളീയ സമൂഹത്തെ വിജ്ഞാന സമൂഹമായി മാററുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കാരങ്ങൾക്കാണ് സർക്കാർ തയ്യാറെടുക്കുന്നത്. ഇത് സ്വാഗതാർഹമായ നടപടിയാണ്. വിജ്ഞാന സമൂഹത്തിന്റെ നിർമ്മിതിയിൽ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് സവിശേഷ പ്രാധാന്യമുണ്ട്. ഈ സ്ഥാപനങ്ങളിലെ അധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നതിന് പര്യാപ്തമായ നടപടികൾ സർക്കാരിന്റെയും സർവ്വകലാശാലകളുടെയും വിദ്യാഭ്യാസ ഏജൻസികളുടെയും അധ്യാപക സമൂഹത്തിന്റെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് അക്കാദമിക സമൂഹവും പൊതുസമൂഹവും ആഗ്രഹിക്കുന്നത്.

### 3. ജോലിഭാരവും തസ്തിക നിജപ്പെടുത്തലും

**3.1** നിയമപരമായി സർവകലാശാലാ ഓർഡിനൻസുകൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് കോളേജ് അധ്യാപകരുടെ ജോലിഭാരം നിശ്ചയിക്കുന്നതും തസ്തികകൾ നിജപ്പെടുത്തുന്നതും. കാലാകാലങ്ങളിൽ ഈ മാനദണ്ഡങ്ങളിൽ ചെറിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. കേരള സർവകലാശാലയുടെയും കാലിക്കറ്റ് സർവ്വകലാശാലയുടെയും ഫസ്റ്റ് ഓർഡിനൻസുകളിൽ (1978) പറയുന്ന വ്യവസ്ഥകൾ പ്രകാരം ലബോറട്ടറിവർക്ക് ഇല്ലാത്ത വിഷയങ്ങളിൽ അധ്യാപകരുടെ പ്രതിവാര അധ്യാപന സമയം 14 മണിക്കൂറും ലബോറട്ടറിവർക്ക് ഉള്ള വിഷയങ്ങളിൽ 15 മണിക്കൂറും ആയിരുന്നു. പിജി വകുപ്പ് മേധാവികൾക്ക് 3 മണിക്കൂറിന്റെയും യുജി വകുപ്പ് മേധാവികൾക്ക് രണ്ടു മണിക്കൂറിന്റെയും ഇളവും അനുവദിച്ചിരുന്നു. ആകെ ജോലിഭാരത്തെ നിലവിലുള്ള അധ്യാപകർക്ക് യഥാവിധി വിഭജിച്ചു് നൽകുമ്പോൾ ഒരു മണിക്കൂറെങ്കിലും അധികം വന്നാൽ ഒരു അധിക തസ്തികയും അനുവദിച്ചിരുന്നു. ഒരു മണിക്കൂർ പിജി അധ്യാപനത്തെ 1.25 മണിക്കൂർ

യുജി അധ്യാപനത്തിന് തുല്യമായാണ് പരിഗണിച്ചിരുന്നത്. നേരിട്ടുള്ള അധ്യാപനം അധ്യാപകരുടെ ആകെ ജോലിഭാരത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്. അധ്യാപനത്തിനുള്ള തയ്യാറെടുപ്പ്, ലാബ് സെറ്റിംഗ്, ഭരണപരമായ ചുമതലകൾ, പരീക്ഷയും മൂല്യനിർണയവും, ഗവേഷണം, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ മേൽനോട്ടം, ട്യൂട്ടോറിയൽ തുടങ്ങിയവയും അധ്യാപകരുടെ ജോലിയുടെ ഭാഗമാണ്.

യുജിസി സ്കീം നടപ്പിലാക്കിയതോടുകൂടി അധ്യാപകരുടെ ജോലിഭാരത്തിലും മാറ്റമുണ്ടായി. 1984 ലെ യുജിസി മാർഗനിർദ്ദേശങ്ങൾക്കും യുജിസി റെഗുലേഷൻസ് 1998 ലെ വ്യവസ്ഥകൾക്കും അനുസൃതമായി കോളേജുകളിലെ അധ്യയനദിനം, അധ്യാപകരുടെ ജോലി ഭാരം എന്നിവ സംബന്ധിച്ച് 3/01/2001 ൽ വളരെ വിശദമായസർക്കാർ ഉത്തരവ് ഇറങ്ങി [G.O(P)No.5/2001/H.Edn,Dated, 03/01/2001]. ഒരുവിദഗ്ധ സമിതിയുടെ ശുപാർശകൾ കൂടി പരിഗണിച്ചാണ് പ്രസ്തുത ഉത്തരവ്പുറപ്പെടുവിച്ചത്. അധ്യാപകരുടെ പ്രതിവാര ജോലിഭാരം താഴെ പറയും പ്രകാരം 40 മണിക്കൂർ എന്നാണ് ഉത്തരവിൽ വ്യവസ്ഥ ചെയ്തത്.

യു.ജി.

ലാബ്‌വർക് ഇല്ലാത്ത വിഷയങ്ങൾ

| ജോലി | പ്രതിവാര ജോലിഭാരം (മണിക്കൂർ) |
|---|---|
| അദ്ധ്യാപനം | 16 |
| ടെസ്റ്റ് പേപ്പർ | 02 |
| ട്യൂട്ടോറിയൽസ് | 04 |
| അദ്ധ്യാപനത്തിനുള്ള തയ്യാറെടുപ്പ് | 10 |
| അക്കാദമിക പ്രവർത്തനങ്ങളുടെ മേൽനോട്ടം | 04 |
| ഭരണച്ചുമതല | 04 |
| ആകെ | 40 |

ലാബ് വർക്കുള്ള വിഷയങ്ങൾക്ക് ലാബ് വർക്കിന് 4 മണിക്കൂർ എന്നാണ് നിശ്ചയിച്ചിരിക്കുന്നത്. പകരം ഭരണ ചുമതലയിൽ നിന്നും ഇവരെ ഒഴിവാക്കിയിട്ടുണ്ട്. മറ്റു കാര്യങ്ങളിൽ മാറ്റമില്ല.

പി.ജി

ലാബ് വർക്ക് ഇല്ലാത്ത വിഷയങ്ങൾ

| ജോലി | പ്രതിവാര ജോലിഭാരം (മണിക്കൂർ) |
|---|---|
| അദ്ധ്യാപനം | 10 |
| ടെസ്റ്റ് പേപ്പർ/ അസൈൻമെൻറ് | 05 |
| ട്യൂട്ടോറിയൽസ് | 05 |
| അദ്ധ്യാപനത്തിനുള്ള തയ്യാറെടുപ്പ് | 10 |
| ഗവേഷണം | 10 |
| ആകെ | 40 |

ലാബ്‌വർക്ക് ഉള്ള വിഷയങ്ങൾക്ക് അധ്യാപനത്തിനും ലാബ്‌വർക്കിനും ആയി 10 മണിക്കൂർ നിശ്ചയിച്ചിരിക്കുന്നു. മറ്റുകാര്യങ്ങളിൽ മാറ്റമില്ല. ഒരു മണിക്കൂർ പിജി അധ്യാപനം 1.5 മണിക്കൂർ യുജി അധ്യാപനത്തിന് തുല്യമായി കണക്കാക്കണമെന്നും ഉത്തരവിൽ പറയുന്നു.സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്കനുസൃതമായി സർവകലാശാല ഓർഡിനൻസുകളിൽ മാറ്റം വരുത്താതിരുന്നതും പ്രീഡിഗ്രി പുന:സംഘാടനവുമായി ബന്ധപ്പെട്ടുയർന്നുവന്ന പ്രശ്നങ്ങളും കോളേജുകളിലെ സ്ഥിരം അധ്യാപക നിയമനത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. 16 മണിക്കൂറിൽ താഴെ ജോലിഭാരമുള്ള തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച് സർക്കാർ ഏതാനും ഉത്തരവുകൾ പുറപ്പെടുവിച്ചെങ്കിലും അവ്യക്തതയും ആശയക്കുഴപ്പവും തുടർന്നു. പ്രശ്ന പരിഹാരത്തിനായി സർക്കാർ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായം ആരാഞ്ഞു. കൗൺസിൽ

വളരെ വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജോലിഭാരവും തസ്തിക നിർണയവും സംബന്ധിച്ച് ഏകീകൃതമായ വ്യവസ്ഥകൾ കൊണ്ടുവരുന്നതിനായി സർക്കാർ വിശദമായ ഉത്തരവ് കൊണ്ടുവന്നു [G.O(Ms)No.87/2012/H.Edn,dated 12/03/2012]. ഉത്തരവനുസരിച്ച് അധ്യാപകരുടെ പ്രതിവാര ജോലിഭാരം അസിസ്റ്റൻറ് പ്രൊഫസർ 16 മണിക്കൂ റും അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ 14 മണിക്കൂ റും പ്രിൻസിപ്പാൾ 3- 5 മണിക്കൂറുമാണ്. സിംഗിൾ ഫാക്കൽറ്റി നിയമനത്തിനുള്ള മിനിമം ജോലിഭാരം 6 മണിക്കൂറും. മറ്റ് വിഷയങ്ങളിലെ അധിക തസ്തികകൾക്ക് ആവശ്യമായ മിനിമം ജോലിഭാരം 9 മണിക്കൂറായും നിജപ്പെടുത്തി. ഒരു മണിക്കൂർ പിജി അധ്യാപനത്തെ 1.5 മണിക്കൂർ യു.ജി അധ്യാപനത്തിന് തുല്യമായി കണക്കാക്കുമെന്നും ഉത്തരവിൽ പറയുന്നു.

എന്നാൽ മേൽ ഉത്തരവ് ഭാഗികമായി മാത്രമേ നടപ്പാക്കപ്പെട്ടുള്ളൂ.ജോലിഭാരവും തസ്തിക നിർണയവും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ,യൂണിവേഴ്സിറ്റി നിയമങ്ങൾ, യുജിസി റെഗുലേഷൻസ് എന്നിവ വിശദമായിപരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും അധ്യാപകരുടെ പ്രമോഷനുമായിബന്ധപ്പെട്ട അക്കാഡമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ പരാതിക്കിടയാകാത്ത വിധംനടപ്പാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർക്കാർ ഒരുവിദഗ്ധ സമിതിയെ നിയമിച്ചു [G.O(Rt)No.167/2017/H.Edn, dated,3/2/2017,G.O(Rt)No.480/2017/H.Edn,dated,16/3/2017]. വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജോലിഭാരവും തസ്തിക നിർണയവും സംബന്ധിച്ച് സർക്കാർപുതിയ ഉത്തരവ് പുറപ്പെടിവിച്ചു [G.O(Ms)No.93/2018/H.Edn,dated, 09/05/2018]. 8 മണിക്കൂറോ അതിൽ കൂടുതലോ ജോലിഭാരം ഉണ്ടെങ്കിൽ സിംഗിൾ ഫാക്കൽറ്റി വിഷയങ്ങൾക്ക്തസ്തിക, 9 മണിക്കൂറോ അതിൽ കൂടുതലൊ ജോലിഭാരം ഉണ്ടെങ്കിൽ അധിക തസ്തിക,

പ്രിൻസിപ്പാളിന് 5 മണിക്കൂർ ജോലിഭാരം, പി ജി വെയിറ്റേജ് നിലനിർത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഉത്തരവിലുണ്ടായിരുന്നത്. വർക്ക് ലോഡ് സംബന്ധിച്ച് 03/01/2001 ലെ ഉത്തരവിന് ശേഷം ഇറങ്ങിയ 12/03/2012 ലേത് ഉൾപ്പടെയുള്ള മറ്റ് ഉത്തരവുകൾ പുതിയ ഉത്തരവിലൂടെ റദ്ദ് ചെയ്യുകയും ചെയ്തു.09/05/2018 ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ജോലിഭാരം തിട്ടപ്പെടുത്തലുംതസ്തിക നിശ്ചയിക്കലും നിയമന നടപടികളും പുരോഗമിച്ചു കൊണ്ടിരിക്കെഉത്തരവിലെ നിർദ്ദേശങ്ങളിൽ പലതും യുജിസി റെഗുലേഷനു വിരുദ്ധമാണെന്നുംനിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതഉണ്ടാകുമെന്നും ചൂണ്ടിക്കാട്ടി ഉത്തരവ് സർക്കാർ ഭേദഗതിചെയ്ത് 01/04/2020 ൽ09/05/2018 മുതൽ മുൻകാല പ്രാബല്യത്തോടെ പുതിയഉത്തരവ്പുറപ്പെടിവിച്ചു.[G.O(Ms)No.155/2020/HEDN,Dated, 01/04/2020].

### 3.2 01. 04. 2020 ലെ ഉത്തരവിലെ പ്രധാന വ്യവസ്ഥകൾ

3.2.1 16 മണിക്കൂറിൽ താഴെയുള്ള ജോലിഭാരത്തിന് സിംഗിൾ ഫാക്കൽറ്റി ഉൾപ്പെടെയുള്ള വിഷയങ്ങളിൽ തസ്തിക അനുവദിക്കുകയില്ല.

3.2.2 16 മണിക്കൂറിൽ താഴെ ജോലിഭാരമുള്ള വിഷയങ്ങൾക്ക് അതിഥി അധ്യാപകരെ മാത്രമേ അനുവദിക്കുകയുള്ളൂ

3.2.3 01.04.2020ൽ സർവീസിലുള്ളതും നിയമന അംഗീകാരം ലഭിക്കുകയും ചെയ്ത അധ്യാപകരെ ഇക്കാരണത്താൽ സർവിസിൽ നിന്ന് നീക്കം ചെയ്യുകയില്ല.

3.2.4 വിരമിക്കൽ, രാജിവെക്കൽ, നിലവിലുള്ള അധ്യാപകന്റെ വിടുതൽ, ഏതെങ്കിലും തരത്തിൽ പുതിയ വേക്കൻസി ഉണ്ടാകൽ എന്നീ സാഹചര്യങ്ങളിൽ 16 മണിക്കൂറിൽ താഴെ ജോലിഭാരമുള്ള നിലവിലുള്ള തസ്തികകൾ ഇല്ലാതാകും

3.2.5 16 മണിക്കൂറിൽ താഴെ ജോലിഭാരമുള്ള തസ്തികകളിലേക്ക് നിയമനം നടത്താൻ മാനേജ്മെന്റുകളെ അനുവദിക്കുകയില്ല.

3.2.6 യൂ.ജി.സി റെഗുലേഷൻസിൽ പറയാത്തതുകൊണ്ട് പി ജി വെയിറ്റേജ് അനുവദിക്കുകയില്ല.

3.2.7 പുതുക്കിയ മാനദണ്ഡങ്ങൾ മുൻകാല പ്രാബല്യത്തോടെ 09/05/2018 മുതൽ നിലവിൽ വരും.

കൂടാതെ , മുകളിൽ 3.2.4 ൽ പറഞ്ഞിരിക്കുന്ന കാരണത്താൽ കോർപ്പറേറ്റ് മാനേജ്മെന്റുകളിലെ അധ്യാപകർക്ക് നിയമാനുസൃതം ലഭിക്കേണ്ട സ്ഥലംമാറ്റം അസാധ്യമാകുന്ന സാഹചര്യവും സംജാതമായി.

**4. കമ്മിറ്റിയുടെ രൂപീകരണവും പ്രവർത്തനവും**

ജോലിഭാരം തിട്ടപ്പെടുത്തലും തസ്തിക സൃഷ്ടിക്കലും സംബന്ധിച്ച് നിലവിൽ ഉണ്ടായിരുന്ന മാനദണ്ഡങ്ങളിൽ നിന്നും കാതലായ മാറ്റം നിഷ്ക്കർഷിക്കുന്ന ഉത്തരവ് അധ്യാപക സമൂഹത്തിൽ ആശങ്കയും ഉൽക്കണ്ഠയും സൃഷ്ടിച്ചു. അധ്യാപക സംഘടനകളുടെ ആശങ്ക പരിഗണിച്ച് ഉത്തരവിന്റെ മുൻകാല പ്രാബല്യം ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു [G.O(Ms)No.313/2020 HEDN/,Dated, 11/09/2020 ]. പുതിയ ഉത്തരവനുസരിച്ച് 01/04/20 ഉത്തരവിലെ നിബന്ധനകൾക്ക് 1/6/2020 മുതൽ മാത്രമേ പ്രാബല്യം ഉണ്ടാവുകയുള്ളൂ. 09/05/2018 നും 31/05/2020 നും ഇടയിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്നടത്തിയ നിയമനങ്ങൾക്ക് 09/05/2018 ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുമെന്നും ഉത്തരവിൽ പറഞ്ഞു. മുൻകാല പ്രാബല്യം സൃഷ്ടിച്ചപ്രശ്നങ്ങൾ ഒഴിവായെങ്കിലും 01/04/2020 ലെ ഉത്തരവിനോടുള്ള അധ്യാപക സംഘടനകളുടെ വിയോജിപ്പ് കണക്കിലെടുത്ത് 01/04/2020 ഉത്തരവിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായി. [സ.ഉ.(സാധാ)നം.629/2022/HEDN, തീയതി,04/05/2022]. ഡോ.ഡി.കെ സതീഷ് (മുൻ ഡെപ്യൂട്ടി ഡയറക്ടർ ,കോളേജിയേറ്റ് എഡ്യൂക്കേഷൻ), പ്രൊഫ.കെ.എസ് ജയചന്ദ്രൻ (മുൻ പ്രിൻസിപ്പാൾ, ശ്രീകേരളവർമ്മ കോളെജ്, തൃശൂർ), ഡോ. കെ.പി

സുകുമാരൻ നായർ (മുൻ അസ്സോസിയേറ്റ്പ്രൊഫസർ, സെന്റ് ഡൊമിനിക്സ് കോളെജ്, കാഞ്ഞിരപ്പള്ളി) എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

**4.1 കമ്മിറ്റിയുടെ പരിഗണനാവിഷയങ്ങൾ**

4.1.1. അധ്യാപക തസ്തികകളിലെ നിയമനത്തിന് 1/6/2020 മുതൽ പി ജി വെയിറ്റേജ് ഇല്ലാതെ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാക്കിയ നിബന്ധന ഉന്നതവിദ്യാഭ്യാസമേഖലയിൽ എന്തൊക്കെ പ്രത്യാഘാതങ്ങൾ ആണ് സൃഷ്ടിച്ചിട്ടുള്ളത്?

4.1.2. ജോലിഭാരം കണക്കാക്കുമ്പോൾ പിജി അധ്യാപനത്തിന് നൽകി വന്നിരുന്നവെയിറ്റേജ് ഒഴിവാക്കിയ തീരുമാനം ഭാവിയിൽ പിജി അധ്യയനത്തിന്റെഗുണമേന്മയെ പ്രതികൂലമായി ബാധിക്കുമോ?

4.1.3 16 മണിക്കൂറിൽ കുറവ് മാത്രം ജോലിഭാരം ഉണ്ടാവാൻ സാധ്യതയുള്ള സിംഗിൾഫാക്കൽറ്റി (മലയാളം, ഹിന്ദി മുതലായ) വിഷയങ്ങളിൽ സ്ഥിരം തസ്തികകൾ ഇല്ലാതാവുന്നത് ടി പഠന വിഭാഗങ്ങളെ എങ്ങനെ ബാധിക്കും? സിംഗിൾ ഫാക്കൽറ്റി വിഷയങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ടോ?

4.1.4. സംസ്ഥാനത്ത് നിലവിലുള്ള ജോലിഭാര നിബന്ധന യുജിസിമാർഗ്ഗനിർദ്ദേശങ്ങളുമായു ചട്ടങ്ങളുമായും പൊരുത്തപ്പെടുന്നവയാണോ?

4.1.5 . 01/04/2020 ലെ G.O(Ms)No.155/2020/ HEDN ഉത്തരവ് പ്രകാരം 16 മണിക്കൂറിൽ താഴെ ജോലിഭാരം ഉള്ള തസ്തികകളിലുള്ള അധ്യാപകർ റിലീവ് ചെയ്യപ്പെട്ടാൽ ടിതസ്തികകൾ ഇല്ലാതാവും എന്നതിനാൽ അധ്യാപകർക്ക് അർഹതപ്പെട്ട സ്ഥലംമാറ്റങ്ങൾ ലഭ്യമാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്. അധ്യാപകർക്ക് അർഹതപ്പെട്ട സ്ഥലംമാറ്റ അവകാശം തടസ്സം കൂടാതെ തുടർന്നും ലഭ്യമാവുന്നതിനുള്ള ശുപാർശ സമർപ്പിക്കുക.

**4.2 കമ്മിറ്റിയുടെ പ്രവർത്തനം**

ഡോ.ഡി. കെ സതീഷ് കമ്മിറ്റിയുടെ കൺവീനർ ആയി പ്രവർത്തിച്ചു. കമ്മിറ്റി പല തവണ ഓഫ് ലൈനായും ഓൺലൈനായും യോഗം ചേർന്നു. സർവ്വകലാശാലാ ഓർഡിനൻസുകളും യുജിസി റെഗുലേഷനുകളും അദ്ധ്യാപകരുടെ ജോലിഭാരം തിട്ടപ്പെടുത്തലും തസ്തിക നിജപ്പെടുത്തലും സംബന്ധിച്ച സർക്കാർ ഉത്തരവുകളും കമ്മിറ്റി വിശദമായി പരിശോധിച്ചു. സ്റ്റേക്ഹോൾഡേഴ്സിൽ നിന്നും കമ്മിറ്റിയുടെപരിഗണനാ വിഷയങ്ങളിൽ മേലുള്ള പ്രതികരണം hedncommittee@gmail.com എന്നഇമെയിൽ ഐഡി വഴി സ്വീകരിച്ചു. ഇതിനായി പത്രക്കുറിപ്പ് ഇറക്കുകയും സ്റ്റേ ക്ഹോൾഡേഴ്സ് സംഘടനകൾക്ക് നേരിട്ട് അറിയിപ്പ് നൽകുകയും ചെയ്തു. 11സംഘടനകളിൽ നിന്നും 150ൽ പരം വ്യക്തികളിൽനിന്നും അഭിപ്രായങ്ങൾ ലഭിച്ചു. പ്രതികരണങ്ങൾ കമ്മിറ്റി വിശദമായി പരിശോധിച്ചു. തുടർന്ന് സ്റ്റേക് ഹോൾഡേഴ്സ്സംഘടനാ നേതാക്കളുമായി 24/06/2022ൽ കോട്ടയം ബസേലിയസ് കോളേജിൽ വെച്ച്കൂടിക്കാഴ്ച നടത്തി. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് താഴെ പറയുന്നവർപങ്കെടുത്തു.

4.2.1. ഡോ. പി .പി പ്രകാശൻ പ്രസിഡൻറ്, അസോസിയേഷൻ ഓഫ് കേരള ഗവൺമെൻറ്കോളേജ് ടീച്ചേഴ്സ് (എകെജിസിടി)

4.2.2. ഡോ.മുഹമ്മദ് റഫീഖ്, ജനറൽ സെക്രട്ടറി, എകെജിസിടി

4.2.3. പ്രൊഫ. ജോജി അലക്സ്, പ്രസിഡന്റ്, ദി ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എകെപിസിടിഎ)

4.2.4. ഡോ. പ്രമോദ്, എകെപിസിടിഎ

4.2.5. ഡോ. എ.എസ് സുമേഷ് എകെപിസിടിഎ

4.2.6. ഡോ.ടി.മുഹമ്മദാലി, പ്രസിഡൻറ്, കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ്അസോസിയേഷൻ ( കെപിസിടിഎ)

4.2.7. ഡോ. കെ.അനിൽ കുമാർ, പ്രസിഡൻറ്, ഗവൺമെൻറ് കോളേജ് ടീച്ചേഴ്സ്ഓർഗനൈസേഷൻ (ജിസിടിഒ)

4.2.8. ഡോ ജാഫർ സാദിഖ്, ജനറൽ സെക്രട്ടറി, ജിസിടിഒ

4.2.9. ഡോ. റോണി ജോർജ്, കെപിസിടിഎ)

4.2.10. ഡോ. ജോ പ്രസാദ് മാത്യു, കെപിസിടിഎ)

4.2.11. ഡോ. എ. ബിജു, പ്രസിഡൻറ്,ദി കേരള പ്രിൻസിപ്പൽസ് കൌൺസിൽ

4.2.12. ഡോ. എം. ഉസ്മാൻ, പ്രസിഡൻറ്, കേരള പ്രൈവറ്റ് കോളേജ് മാനേജ്മെൻറ്സ്അസോസിയേഷൻ (കെപിസിഎംഎ)

4.2.13. ഡോ.എം.ഇ കുര്യാക്കോസ്, സെക്രട്ടറി, കെപിസിഎംഎ)

4.2.14. ഡോ ആർ പ്രഗാഷ്, പ്രിൻസിപ്പാൾ, ഗവ. കോളെജ്, കോട്ടയംകൂടിക്കാഴ്ചയിൽ പങ്കെടുത്ത സംഘടനകൾക്ക് പുറമെ എൻഎസ്എസ് കോളേജസ് സെൻട്രൽ കമ്മിറ്റി, മുസ്ലിം എഡ്യൂക്കേഷണൽ സൊസൈറ്റി (എംഇഎസ്}, ഫെഡറേഷൻ ഓഫ് മുസ്ലിം കോളേജസ്, കേരള കൗൺസിൽ ഓഫ് റിട്ടയേർഡ് കോളേജ് പ്രിൻസിപ്പൽസ്, കേരള സ്റ്റാറ്റിസ്റ്റിക്കൽ അസോസിയേഷൻ എന്നീ സംഘടനകളും അഭിപ്രായങ്ങൾ ഇമെയിലിൽ അറിയിച്ചിരുന്നു. 01/04/2020 ഉത്തരവിന്റെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് എല്ലാവരും സമാനമായ അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്. ഉത്തരവിലെ ജോലിഭാരം തിട്ടപ്പെടുത്തലും അധ്യാപക തസ്തിക സൃഷ്ടിക്കലും സംബന്ധിച്ച നിബന്ധനകൾ അധ്യാപനത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ ഒഴിവാക്കേണ്ടതാണെന്നുംഎല്ലാവരും അഭിപ്രായപ്പെട്ടു.

**4.3 സ്റ്റേക്ക്ഹോൾഡേഴ്സിന്റെ ഭാഗത്തുനിന്നും ഉയർന്നുവന്ന പ്രധാന അഭിപ്രായങ്ങൾ**

4.3.1. ബിരുദാനന്തര ബിരുദ തലത്തിലെ അധ്യയനത്തിന്റെ സമീപനം ബിരുദതലത്തിൽനിന്നും വ്യത്യസ്തമായതിനാൽ ഗവേഷണ പ്രവർത്തനങ്ങളിൽ ഊന്നിയ കൂടുതൽഇടപെടൽ അധ്യാപകന്റെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടതുണ്ട്.

ആയതിന് കൂടുതലായപഠനവും തയ്യാറെടുപ്പും അത്യാവശ്യമാണ്. പിജി വെയിറ്റേജ് വഴി ലാഭിക്കുന്ന സമയം കൂടി ഉപയോഗപ്പെടുത്തിയാണ് ഫലപ്രദമായ അധ്യാപനം നടക്കുന്നത്. അതിനാൽ പി ജി വെയിറ്റേജ് പുനസ്ഥാപിക്കണം.

4.3.2. സിംഗിൾ ഫാക്കൾറ്റി വിഷയങ്ങളിൽ പോലും സ്ഥിരം തസ്തികൾക്ക് 16 മണിക്കൂർ ജോലിഭാരം നിർബന്ധമാക്കുന്നത് വഴി ഭൂരിഭാഗം കോളേജുകളിലും രണ്ടാം ഭാഷകളുടെ കാര്യത്തിലും കോംപ്ലിമെൻററി വിഷയങ്ങളുടെ കാര്യത്തിലും സ്ഥിരം അധ്യാപക നിയമനം അസാധ്യമായിരിക്കുകയാണ്. ലോക ഭാഷകളിലേക്കുള്ള തർജ്ജമഉൾപ്പെടെയുള്ള പഠനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന കാലഘട്ടത്തിൽ ഭാഷാവിഷയങ്ങൾക്ക് ലഭ്യമായി കൊണ്ടിരിക്കുന്ന തുച്ഛമായ പരിഗണന പോലുംഇല്ലാതാകുന്ന സാഹചര്യം ആശാസ്യമല്ല. കുറഞ്ഞത് 6 മണിക്കൂർ ജോലിഭാരം ഉണ്ടെങ്കിൽ സിംഗിൾ ഫാക്കൽറ്റി വിഷയങ്ങൾക്ക് തസ്തിക അനുവദിക്കണം.

4.3.3. അധിക തസ്തികക്ക് 16 മണിക്കൂർ ജോലിഭാരം എന്ന നിബന്ധന ഒഴിവാക്കണം.

4.3.4. നിലവിൽ സർക്കാരും യൂണിവേഴ്സിറ്റിയും അംഗീകരിച്ചു ശമ്പളം വാങ്ങി വരുന്ന അധ്യാപകർക്ക് സ്ഥലംമാറ്റം അനുവദിക്കില്ല എന്നത് നിലവിലെ സർവകലാശാല ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാണ്. മേൽപ്പറഞ്ഞ അധ്യാപകർ എവിടെ ജോലി ചെയ്താലും ശമ്പളം നൽകണം എന്നിരിക്കെ സ്ഥലംമാറ്റം നിഷേധിക്കുന്നത് ശരിയല്ല.

4.3.5. അസോസിയേറ്റ് പ്രൊഫസർ /പ്രൊഫസർ എന്നിവർക്ക് 14 മണിക്കൂർ ജോലിഭാരം എന്ന യുജിസി റെഗുലേഷനിലെ നിർദ്ദേശം നടപ്പിലാക്കണം.

4.3.6. പ്രിൻസിപ്പൽമാർ 5 മണിക്കൂർ പഠിപ്പിക്കണം എന്ന നിബന്ധന ഒഴിവാക്കണം.

4.3.7. ഗസ്റ്റ് അധ്യാപക നിയമനം ഒരു വർഷക്കാലയളവിലേക്ക് നടത്തണം

4.3.8 31/05/2020ന് മുമ്പ് നോട്ടിഫൈ ചെയ്ത തസ്തികകളിൽ 31/05/2020 ന് ശേഷം നടന്നിട്ടുള്ള ഏതാനും നിയമനങ്ങൾ അംഗീകരിക്കുക,ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരുടെ ജോലിഭാരം ശാസ്ത്രീയമായി നിർണയിക്കുകയും ആവശ്യമെങ്കിൽ കൂടുതൽ അധ്യാപകരെ അനുവദിക്കുകയും ചെയ്യുക, ട്രെയിനിങ് കോളേജുകളിൽ പെർഫോമിങ് ആർട്സ്, ഫൈൻ ആർട്സ് വിഷയങ്ങളിൽ അധ്യാപക തസ്തിക അനുവദിക്കുക, അറബിക് കോളജുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക അനുവദിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും ഉണ്ടായി. എംഇഎസിന്റെ അഭ്യർത്ഥന മാനിച്ച് കമ്മിറ്റി എംഇഎസ് പ്രതിനിധികളുമായി ഓൺലൈനിൽ ചർച്ച നടത്തി. എംഇഎസ് ചെയർമാൻ ഡോക്ടർ ഫസൽ ഗഫൂർ, കോർപ്പറേറ്റ് മാനേജർ ഡോ.ഹാഷിം, എംഇഎസ് കോളേജ് പ്രിൻസിപ്പൽമാർ എന്നിവർ പങ്കെടുത്തു. 01/04/2020 ഉത്തരവിന്റെ പ്രത്യാഘാതമായി നിരവധി തസ്തികകൾ എംഇഎസ് കോളജുകളിൽ സൂപ്പർന്യൂമററി ആയി മാറിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട 19 അധ്യാപകരെ എംഇഎസ് മാനേജ്മെന്റ് വിവിധ കോളേജുകളിലായി ട്രാൻസ്ഫർ ചെയ്തു. ട്രാൻസ്ഫർ മൂലം ഈ തസ്തികകൾനഷ്ടപ്പെടുമോ എന്ന ആശങ്ക അവർ പ്രകടിപ്പിച്ചു.തസ്തിക സംരക്ഷിക്കുവാൻസർക്കാരിൻറെ ഭാഗത്തുനിന്നും അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകണമെന്ന്അഭ്യർത്ഥിച്ചു.

## 5. 01/04/2020 ലെ ഉത്തരവിന്റെ പ്രത്യാഘാതങ്ങൾ

**01/04/2020 ഉത്തരവിന്റെ പ്രത്യാഘാതങ്ങൾ കമ്മിറ്റി വിശദമായി വിലയിരുത്തി. കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിലുള്ള അഭിപ്രായം ചുവടെ ചേർക്കുന്നു.**

**5.1. അധ്യാപക തസ്തികകളിലെ നിയമനത്തിന് 01/06/2020 മുതൽ പി .ജി വെയിറ്റേജ് ഇല്ലാതെ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാക്കിയ നിബന്ധന ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ പ്രത്യാഘാതങ്ങൾ ആണ് സൃഷ്ടിച്ചിട്ടുള്ളത്?**

പി.ജി പ്രോഗ്രാമിന്റെ അദ്ധ്യാപന ജോലിഭാരം എക്കാലവും യു.ജിപ്രോഗ്രാമിന്റേതിൽ നിന്നും വ്യത്യസ്തമായാണ് കണക്കാക്കിയിരുന്നത്. തുടക്കത്തിൽ ഒരു മണിക്കൂർ പി.ജി അധ്യാപനത്തെ 1.25 മണിക്കൂർ യു.ജി അധ്യാപനത്തിന് തുല്യമായാണ് പരിഗണിച്ചിരുന്നത്. യുജിസി സ്കീം സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ യുജിസി മാനദണ്ഡങ്ങൾ അനുസരിച്ച് പി.ജി വെയിറ്റേജ് 1.5 എന്ന് പുതുക്കി നിശ്ചയിച്ചു. ലാബ് വർക്കിന് ഈ വെയിറ്റേജ് അനുവദിച്ചിരുന്നില്ല. ഒരു പി.ജി പ്രോഗ്രാമിന്റെ രണ്ടുവർഷവും ചേർന്നുള്ള പ്രതിവാര അധ്യാപന ജോലിഭാരം 50 മണിക്കൂറാണ്. പിജി വെയിറ്റേജിന്റെ അടിസ്ഥാനത്തിൽ ലാബ് വർക്ക് ഇല്ലാത്ത വിഷയങ്ങൾക്ക് പ്രതിവാര അധ്യാപന ജോലിഭാരം 75 മണിക്കൂറും ലാബ് വർക്കുള്ള വിഷയങ്ങൾക്ക് ചുരുങ്ങിയത് ചുരുങ്ങിയത് 65 മണിക്കൂറുമായാണ് പരിഗണിച്ചിരുന്നത്. ഇതനുസരിച്ച് ലാബ് വർക്ക് ഇല്ലാത്ത പി.ജി വിഷയങ്ങൾക്ക് 5 അധ്യാപക തസ്തികളും ലാബ് വർക്കുള്ള പി.ജി വിഷയങ്ങൾക്ക് ചുരുങ്ങിയത് 4 തസ്തികകളും ലഭിച്ചിരുന്നു. പി.ജി വെയിറ്റേജ് ഇല്ലാതായതോടുകൂടി 01/06/2020 മുതൽ പ്രതി വാര അധ്യാപന ജോലിഭാരം 50 മണിക്കൂറും തസ്തികളുടെ എണ്ണം 3 ആയും പരിമിതപ്പട്ടു. യൂണിവേഴ്സിറ്റി കളിൽ ഒരു പി ജി ഡിപ്പാർട്ട്മെൻറ് ആരംഭിക്കുമ്പോൾ ചുരുങ്ങിയത് 6 അധ്യാപക തസ്തികകൾ ലഭിക്കുമ്പോഴാണ് പി.ജി വെയിറ്റേജിന്റെ അഭാവത്തിൽ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പി.ജി ഡിപ്പാർട്ട്മെന്റുകളിലെ തസ്തികകൾ 3 ആയി പരിമിതപ്പെടുന്നത്. പി.ജി വെയിറ്റേജ് ഇല്ലാതായതോടെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 1100 ഓളം അധ്യാപക തസ്തികകൾ ഇല്ലാതായതായി കണക്കാക്കപ്പെടുന്നു. തസ്തികകൾ

ഇല്ലാതാകുന്നതോടെ അധികമാകുന്ന അധ്യാപകരെ സംരക്ഷിക്കുമെന്ന് 01/04/2020 ലെ ഉത്തരവിൽ പറയുന്നുണ്ട്. സൂപ്പർന്യൂമററി ആയി മാറുന്ന അധ്യാപകർ വിരമിക്കുന്നതോടുകൂടി ഈ തസ്തികകൾ സ്ഥിരമായി ഇല്ലാതാകും. ഇതിൻറെ ഫലമായി 01/06/2020 മുതൽ ദീർഘകാലത്തേക്ക് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അധ്യാപക നിയമനങ്ങളിൽ ഗണ്യമായ കുറവുണ്ടാകും.

ആർട്സ് ആൻഡ് സയൻസ് മേഖലയിൽ ഉണ്ടാകുന്ന ഈ തൊഴിൽ നഷ്ടം നിലവിലുള്ള പി.ജി വിദ്യാർത്ഥികളെയും ഗവേഷകരെയും ദോഷകരമായി ബാധിക്കും. തൊഴിൽ സാധ്യത കുറയുമ്പോൾ പി.ജി പഠനത്തിലും ഗവേഷണത്തിലുമുള്ള വിദ്യാർത്ഥികളുടെ താൽപര്യം കുറയാൻ സാധ്യതയുണ്ട്. പി.ജി തലത്തിലെ മിടുക്കരായ വിദ്യാർഥികൾ ആണല്ലോ ഗവേഷകരായും ഭാവിയിൽ അധ്യാപകരായും മാറുന്നത്. പി.ജി പഠനത്തിലും ഗവേഷണത്തിലുമുള്ള വിദ്യാർത്ഥികളുടെ താല്പര്യം കുറയുന്നത് ഭാവിയിൽ പ്രഗൽഭരായ അധ്യാപകരെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലഭ്യമാക്കുന്നതിന് തടസ്സമാകും. ഈ സ്ഥിതി വിശേഷം ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കും ഒരു ജ്ഞാനസമൂഹം ആയി മാറുവാനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്കും ഒട്ടും സഹായകമല്ല.

**5.2. ജോലിഭാരം കണക്കാക്കുമ്പോൾ പി.ജി അധ്യാപനത്തിന് നൽകി വന്നിരുന്ന വെയിറ്റേജ് ഒഴിവാക്കിയ തീരുമാനം ഭാവിയിൽ പി.ജി അധ്യയനത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുമോ?**

പിജി തലത്തിലുള്ള പഠനവും അധ്യാപനവും ബിരുദ തലത്തിൽ നിന്നും തികച്ചുംവ്യത്യസ്തമാണ്. യു.ജി തലത്തിനേക്കാൾ കൂടുതൽ ആഴത്തിലുള്ള അധ്യയനവുംഅധ്യാപനവും പി.ജി തലത്തിൽ ആവശ്യമാണ്. വിദ്യാർത്ഥികളെ ഗവേഷണമേഖലയിലേക്ക് വഴികാട്ടാനുള്ള ശ്രമങ്ങൾ പ്രധാനമായും പി.ജി ക്ലാസുകളിൽതന്നെയാണ് നടക്കേണ്ടത്. ഗവേഷണ പ്രോജക്ടുകൾ പി.ജി പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിരിക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്. നിരന്തരം അറിവ്പുതുക്കിക്കൊണ്ട് മാത്രമേ പി .ജി തലത്തിൽ അധ്യാപകന് തൻറെ ചുമതലകൾഫലപ്രദമായി നിർവ്വഹിക്കാൻ കഴിയൂ. ഗവേഷണം, സെമിനാറുകളിലും ശില്പശാലകളിലും പങ്കെടുക്കുക, ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുക ഗവേഷണ മേൽനോട്ടം ഇതിനൊക്കെ പി.ജി അദ്ധ്യാപകന് സമയം കണ്ടെത്തേണ്ടതുണ്ട്.പി.ജി തല അധ്യാപനത്തിൽ ഗവേഷണത്തിനുള്ള പ്രാധാന്യം കണക്കിലെടുത്താണ് 1984 ലെ യുജിസി

മാർഗനിർദേശങ്ങളിലും 03/01/2001ലെ സർക്കാർ ഉത്തരവിലും പി.ജി തലത്തിൽ പ്രതിവാര 40 മണിക്കൂർ ജോലിഭാരത്തിൽ 10 മണിക്കൂർ നേരിട്ടുള്ള അധ്യാപനത്തിനും 10 മണിക്കൂർ ഗവേഷണത്തിനുമായിനിശ്ചയിച്ചത്. അതായത് 10 മണിക്കൂർ അധ്യാപനത്തിന് ഒരു തസ്തിക എന്ന രീതിയിൽ50 മണിക്കൂർ പി.ജി അധ്യാപനത്തിന് 5 തസ്തികകൾക്ക് അർഹതയുണ്ട് എന്നർത്ഥം. പി.ജി വെയിറ്റേജ് എന്നത് യഥാർത്ഥത്തിൽ ഒരു തെറ്റായ പ്രയോഗമാണ്.സർവ്വകലാശാല പഠന വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി ആർട്സ് ആൻഡ് സയൻസ്കോളേജുകളിൽ ഒരു പഠനവകുപ്പിൽ തന്നെ യു.ജി, പി.ജി പ്രോഗ്രാമുകളുണ്ട്. അധ്യാപകർ രണ്ടിലും പഠിപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്.യു.ജി തലത്തിൽ 16 മണിക്കൂർ ജോലി ഭാരത്തിന് ഒരു അധ്യാപക തസ്തിക എന്നതിനാൽ 10 മണിക്കൂർ പി.ജി അധ്യാപനത്തെ 16 മണിക്കൂർ യു. ജി അധ്യാപനത്തിന് തുല്യമായി പരിഗണിക്കേണ്ടി വരുന്നു. ഇതിനെയാണ് പി.ജി വെയിറ്റേജ് എന്ന് വിളിക്കുന്നത്. യഥാർത്ഥ ത്തിൽ പി.ജി വെയിറ്റേജ് 1.5 ന് പകരം 1.6 ആയാണ് നിശ്ചയിക്കേണ്ടിയിരുന്നത്. പി.ജി വെയിറ്റേജ് ഒഴിവാക്കി നേരിട്ടുള്ള അധ്യാപനത്തിന് 16 മണിക്കൂർ മാറ്റിവെക്കേണ്ടി വന്നാൽ ഗവേഷണം ഉൾപ്പെടെയുള്ള മറ്റ് ജോലികൾക്ക് മതിയായ സമയം ലഭിക്കാതെ വരികയും അത് പി.ജി അധ്യാപനത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

**5.3. 16 മണിക്കൂറിൽ കുറവ് മാത്രം ജോലിഭാരം ഉണ്ടാവാൻ സാധ്യതയുള്ള സിംഗിൾ ഫാക്കൽറ്റി (മലയാളം, ഹിന്ദി മുതലായ) വിഷയങ്ങളിൽ സ്ഥിരം തസ്തികകൾ ഇല്ലാതാവുന്നത് ടി പഠന വിഭാഗങ്ങളെ എങ്ങനെ ബാധിക്കും? സിംഗിൾ ഫാക്കൽറ്റി വിഷയങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ടോ?**

കോംപ്ലിമെൻററി (സബ്സിഡിയറി) വിഷയങ്ങളും, സെക്കൻഡ് ലാംഗ്വേജ് വിഷയങ്ങളുമാണ് 16 മണിക്കൂറിൽ കുറവ് മാത്രം ജോലിഭാരമുള്ള സിംഗിൾ ഫാക്കൽറ്റി വിഷയങ്ങളായി വരുന്നത്. ഏത് വിഷയം വേണമെങ്കിലും ഈ

വിഭാഗത്തിൽ വരാം. പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, ബയോകെമിസ്ട്രി, മൈക്രോബയോളജി, ഇലക്ട്രോണിക്സ്, ഇൻസ്ട്രമെന്റേഷൻ, മലയാളം, ഹിന്ദി, സംസ്കൃതം, തമിഴ്, കന്നഡ, ഉറുദു,ഫ്രഞ്ച്, സിറിയക്, ലാറ്റിൻ, , മുതലായ വിഷയങ്ങളാണ് കൂടുതലായും ഈ വിഭാഗത്തിൽ വരുന്നത്. കോംപ്ലിമെൻററി വിഭാഗത്തിൽ വരുന്ന ആർട്സ് വിഷയങ്ങളുടെ കുറഞ്ഞ ജോലിഭാരം ആഴ്ചയിൽ 6 മണിക്കൂറും സയൻസ്വിഷയങ്ങളുടെ കുറഞ്ഞ ജോലിഭാരം ആഴ്ചയിൽ 9 മണിക്കൂറുമാണ്. സെക്കൻഡ് ലാംഗ്വേജ് വിഷയങ്ങളുടെ കുറഞ്ഞ ജോലിഭാരം ആഴ്ചയിൽ 9 മണിക്കൂറാണ്. സ്ഥിരം അധ്യാപക നിയമനത്തിന് 16 മണിക്കൂർ ജോലിഭാര നിബന്ധനനിർബന്ധമാക്കുന്നതോടെ 16 മണിക്കൂറിൽ താഴെ ജോലിഭാരമുള്ള സിംഗിൾ ഫാക്കൽറ്റി വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകർ മാത്രമായി ചുരുങ്ങും. ഈ സ്ഥിതിവിശേഷം അധ്യാപനത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കും. ഒരു ബിരുദ പ്രോഗ്രാമിലെ എല്ലാ വിഷയങ്ങൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ഒരുവിഷയത്തിന്റെയും പ്രാധാന്യം കുറച്ചു കാണരുത്. വിദ്യാർഥികളുടെ ആകെ ഗ്രേഡിന് കോംപ്ലിമെൻററി വിഷയങ്ങളും പരിഗണിക്കും. ഒരു പ്രോഗ്രാമിന്റെ ഗുണമേന്മ ആ പ്രോഗ്രാമിൽ ഉള്ള എല്ലാ വിഷയങ്ങളുടെയും അധ്യാപനത്തിന്റെ ഗുണമേന്മയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ബിരുദതല ത്തിലെ രണ്ടാം ഭാഷയും കോംപ്ലിമെന്ററി വിഷയവും പി.ജി പഠനത്തിന് തെരഞ്ഞെടുക്കുന്ന വിദ്യാർഥികളും ഉണ്ട്. അതുകൊണ്ടുതന്നെ രണ്ടാം ഭാഷാ വിഷയങ്ങളുടെ കാര്യത്തിലും കോംപ്ലിമെന്ററി വിഷയത്തിന്റെ കാര്യത്തിലും അധ്യാപനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതുണ്ട്. അറിവിൻറെ സാർവദേശീയ തലത്തിലുള്ള ഒഴുക്കിന്സഹായകമാകുന്ന ഘടകമാണ് ലോക ഭാഷകളിലേക്കുള്ള തർജ്ജമ. ഭാഷാവിഷയങ്ങൾക്കുള്ള പ്രാധാന്യം നിലനി ർത്തിക്കൊണ്ട് മാത്രമേ ഇത് സാധ്യമാകൂ.

സിംഗിൾ ഫാക്കൽറ്റി വിഷയങ്ങളിൽ സ്ഥിരം അധ്യാപകർ ഇല്ലാതാകുന്നതോടുകൂടി യൂണിവേഴ്സിറ്റി സമിതികളായ പരീക്ഷാ ബോർഡിലും ബോർഡ് ഓഫ് സ്റ്റഡീസിലും ഫാക്കൽറ്റിയിലും അക്കാദമിക് കൗൺസിലിലും യോഗ്യതയുള്ള അധ്യാപകരെ ലഭിക്കാത്ത സാഹചര്യവും ഉണ്ടാകും. മേൽ

വിവരിച്ച കാരണങ്ങളാൽ സിംഗിൾ ഫാക്കൽറ്റി വിഷയങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ടെന്നാണ് കമ്മിറ്റിയുടെ വിലയിരുത്തൽ. 16 മണിക്കൂർ ജോലിഭാരം നിഷ്കർഷിക്കാതെ ഈ വിഷയങ്ങളിൽ സ്ഥിരം അധ്യാപക നിയമനം അനുവദിക്കേണ്ടതാ ണെന്ന് കമ്മിറ്റി കരുതുന്നു. സിംഗിൾ ഫാക്കൽറ്റി വിഷയങ്ങളിൽ സ്ഥിരം നിയമനം ഇല്ലാതാകുന്നതോടെ 250 ന് മുകളിൽ തസ്തികകൾ ഇല്ലാതാകുമെന്നാണ് കരുതുന്നത്. അധിക തസ്തികക്ക് 16 മണിക്കൂർ നിബന്ധന നിർബന്ധമാക്കുന്നതോടുകൂടി 300ൽ പരം തസ്തികകൾ കൂടി ഇല്ലാതാകാനാണ് സാധ്യത. ചുരുക്കത്തിൽ 01/04/2020 ഉത്തരവിലെ ജോലിഭാരം തിട്ടപ്പെടുത്തലും തസ്തിക നിജപ്പെടുത്തലും സംബന്ധിച്ച നിബന്ധനകളുടെ സഞ്ചിതപ്രഭാവത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 1500ൽ പരം തസ്തികകൾ കുറഞ്ഞേക്കുമെന്ന് കമ്മിറ്റി വിലയിരുത്തുന്നു. സിംഗിൾ ഫാക്കൽറ്റി വിഷയങ്ങളിൽ ഉൾപ്പെടെ16 മണിക്കൂർ ജോലിഭാരംബാധകമാക്കുന്നത് വഴി കോളേജുകളിൽ ഗസ്റ്റ് അധ്യാപകരുടെ എണ്ണം ഗണ്യമായതോതിൽ വർദ്ധിക്കും. ഗസ്റ്റ് അധ്യാപകർക്ക് പഠിപ്പിക്കുന്ന മണിക്കൂറുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ശമ്പളം. അതുകൊണ്ടുതന്നെ ക്ലാസ് റൂം അധ്യാപനത്തിന് പുറത്തുള്ള ജോലികൾ ചെയ്യാൻ ഇവരെ നിർബന്ധിക്കാൻ കഴിയില്ല. തൽഫലമായി സ്ഥിരം അധ്യാപകരുടെ ജോലി ഭാരം നല്ല തോതിൽ വർദ്ധിക്കും. ഗസ്റ്റ് അധ്യാപകരെ ഒരു വർഷ കാലയളവിലേക്ക് മുഴുവനായി നിയമിക്കുവാനും കഴിയില്ല. ക്ലാസ് തുടങ്ങി മതിയായ വർക്ക് ലോഡ് ഉണ്ടാകുന്നതിനനുസരിച്ച് മാത്രമേ ഗസ്റ്റ് അധ്യാപക നിയമനം സാധ്യമാകൂ. ക്ലാസ് തീരുന്ന മുറയ്ക്ക് ഗസ്റ്റ് അധ്യാപകരുടെ സേവനം അവസാനിപ്പിക്കുകയും വേണം. തുച്ഛമായ ശമ്പളവും സേവനസ്ഥിരത ഇല്ലാത്തതുംമൂലം മികവുള്ളവരെ ഗസ്റ്റ് അധ്യാപകരായി ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇക്കാരണങ്ങളാൽ ഗസ്റ്റ് അധ്യാപകരുടെ എണ്ണം വർദ്ധിക്കുന്നത്കോളേജുകളിലെ അധ്യാപനത്തിന്റെ ഗുണനിലവാരത്തെയും മറ്റുപ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നതിന് കാരണമാകും.സംസ്ഥാനത്ത് ഒരു ദശാബ്ദകാലമായി ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സമ്പ്രദായത്തിലാണ് യൂ, ജി, പി.ജി പ്രോഗ്രാമുകൾ നടത്തുന്നത്.

യൂണിവേഴ്സിറ്റിതല മൂല്യനിർണയവും ആന്തരിക മൂല്യനിർണയവും ഈ സമ്പ്രദായത്തിന്റെ അവിഭാജ്യ ഘടകമാണ്. സർവകലാശാല പരീക്ഷകളുടെ എണ്ണം വാർഷിക രീതിയുമായി താരതമ്യം ചെയ്യുമ്പോൾ ഇരട്ടിയായി. ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കിയത് വഴി അധ്യാപകരുടെ ജോലിഭാരം ആഴ്ചയിൽ 40 മണിക്കൂർ എന്നതിൽ നിന്നും വളരെയധികം വർദ്ധിച്ചിട്ടുണ്ട്. പലപ്പോഴും അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണത്തേക്കാൾ കൂടുതൽ വിദ്യാർത്ഥികളെ വിവിധ പ്രോഗ്രാമുകളിൽ പ്രവേശിപ്പിക്കുന്നുണ്ട്. അധ്യാപകരുടെ ജോലിഭാരം വർധിക്കുവാൻ ഇതും കാരണമാകുന്നുണ്ട്. അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ജോലിഭാരത്തിൽ ഉണ്ടായിരിക്കുന്ന ഗണ്യമായ വർദ്ധനവ് കണക്കിലെടുക്കുന്നതേയില്ല. നേരിട്ടുള്ള അധ്യാപന ജോലിഭാരം മാത്രം കണക്കിലെടുത്തുള്ള തസ്തിക നിർണ്ണയ രീതി ശാസ്ത്രീയമാണോ എന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

**5.4. സംസ്ഥാനത്ത് നിലവിലുള്ള ജോലിഭാര നിബന്ധന യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങളു മായും ചട്ടങ്ങളുമായും പൊരുത്തപ്പെടുന്നവയാണോ?**

G.O(P)No.79/90/H.Edn,Dated, , 27th March,1990 എന്ന ഉത്തരവിലൂടെയാണ്

സംസ്ഥാനത്ത് നാലാമത് യുജിസി സ്കീം നടപ്പാക്കിയത്. 1985 ൽ നോട്ടിഫിയ ചെയ്ത യുജിസി മാർഗ്ഗനിർദേശങ്ങളിൽ പറയുന്ന ജോലിഭാര നിബന്ധന ടി ഉത്തരവിന്റെ ഭാഗമായി കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് അധ്യാപകരുടെ ജോലിഭാരം ആഴ്ചയിൽ 40 മണിക്കൂറാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.ലാബ് വർക്ക് ഇല്ലാത്ത വിഷയങ്ങൾ

യു.ജി

| ജോലി | പ്രതിവാര ജോലിഭാരം (മണിക്കൂർ) |
|---|---|
| അദ്ധ്യാപനം | 16 |
| പരീക്ഷകൾ | 02 |
| ട്യൂട്ടോറിയൽസ് | 04 |
| അദ്ധ്യാപനത്തിനുള്ള തയ്യാറെടുപ്പ് | 10 |
| പാഠ്യേതര പ്രവർത്തനങ്ങളുടെ മേൽനോട്ടം. | 04 |
| ഭരണച്ചുമതല | 04 |
| ആകെ | 40 |

പി.ജി

| ജോലി | പ്രതിവാര ജോലിഭാരം (മണിക്കൂർ) |
| --- | --- |
| അദ്ധ്യാപനം | 10 |
| പരീക്ഷകൾ | 01 |
| ട്യൂട്ടോറിയൽസ് | 04 |
| അദ്ധ്യാപനത്തിനുള്ള തയ്യാറെടുപ്പ് | 10 |
| ഗവേഷണം | 10 |
| സ്വന്തമായ വായനയും പഠനവും. | 05 |
| ആകെ | 40 |

ലാബ് വർക്ക് ഉള്ള വിഷയങ്ങൾക്ക് അതിനുള്ള സമയം കൂടി ഉൾപ്പെടുത്തി ചെറിയഭേദഗതി വരുത്തിയിട്ടുണ്ട്. സമാനമായ ജോലിഭാരമാണ് യു.ജി.സി സ്കീമിന്റെ അക്കാദമിക വശങ്ങൾ നടപ്പാക്കിക്കൊണ്ടുള്ള G.O(P)No.5/2001/H.Edn,Dated, ,03/01/2001 ഉത്തരവിലും കാണുന്നത്. യു.ജി.സി റെഗുലേഷൻസ് 1998 കൂടി പരിഗണിച്ചാണ് ടി ഉത്തരവ് പുറപ്പെടുവിച്ചത്. യുജിസി റെഗുലേഷൻസ് 2010 ലും 2018ലും 40 മണിക്കൂർ ജോലിഭാരത്തിന്റെ വിഭജനത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. നേരിട്ടുള്ള അദ്ധ്യാപന ജോലിഭാരം ആഴ്ചയിൽ അസിസ്റ്റൻറ് പ്രൊഫസർ 16 മണിക്കൂർ, അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ 14 മണിക്കൂർ എന്ന് മാത്രമേ പറയുന്നുള്ളു.

എക്സ്റ്റൻഷൻ, ഭരണപരമായ ചുമതല, തുടങ്ങിയ ജോലികൾക്ക് 2 മണിക്കൂർ ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ഇളവുകൾ ഒന്നുമില്ലാതെ എല്ലാവർക്കും 16 മണിക്കൂർ എന്നാണ് നിഷ്കർഷിക്കുന്നത്. പ്രിൻസിപ്പലിന് 5 മണിക്കൂർ ജോലിഭാരം എന്ന നിബന്ധനയും യു.ജി.സി റെഗുലേഷനുകളിൽ ഇല്ല. എന്നാൽ പ്രിൻസിപ്പൽമാർ സ്വന്തം വിഷയത്തിൽ 5 മണിക്കൂർ പഠിപ്പിക്കണമെന്ന നിബന്ധന സംസ്ഥാന ഉത്തരവുകളിൽ ഉണ്ട്. സംസ്ഥാനത്തെ ജോലിഭാര നിബന്ധനകൾ യു.ജി.സി റെഗുലേഷനുകളുമായി വലിയൊരളവിൽ പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ എല്ലാ കാര്യങ്ങളിലും പൊരുത്തം ഉണ്ടെന്ന് പറയാൻ കഴിയില്ല.

**5.5. 01/04/2020 ലെ G.O(Ms)No.155/2020/HEDN, ഉത്തരവ് പ്രകാരം 16 മണിക്കൂറിൽ താഴെജോലി ഭാരമുള്ള തസ്തികകളിലുള്ള അധ്യാപകർ റിലീവ് ചെയ്താൽ ടിതസ്തികകൾ ഇല്ലാതാവും എന്നതിനാൽ അധ്യാപകർക്ക് അർഹതപ്പെട്ട സ്ഥലംമാറ്റങ്ങൾ ലഭ്യമാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്. അധ്യാപകർക്ക് അർഹതപ്പെട്ട സ്ഥലംമാറ്റ അവകാശം തടസ്സം കൂടാതെ തുടർന്നും ലഭ്യമാകുന്നതിനുള്ള ശുപാർശ സമർപ്പിക്കുക.**

16 മണിക്കൂറിൽ താഴെ ജോലിഭാരം ഉള്ള തസ്തികകളിലുള്ള അധ്യാപകർ വിരമിക്കുകയോ രാജിവെക്കുകയോ റിലീവ് ചെയ്യുകയോ ചെയ്താൽ ആ തസ്തിക ഇല്ലാതാകുമെന്ന 01/04/ 2020 ഉത്തരവിലെ വ്യവസ്ഥ അധ്യാപകരുടെ സ്ഥലംമാറ്റ അവകാശത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. 16 മണിക്കൂർ ജോലിഭാരമുള്ള തസ്തികളിലേക്ക് മാത്രം സ്ഥലംമാറ്റം അനുവദനീയമാണെന്നും 16 മണിക്കൂർ ജോലിഭാരം ഇല്ലാത്ത തസ്തികകളിലേക്ക് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ സ്ഥലംമാറ്റം അനുവദനീയമല്ലെന്നുമാണ് സർക്കാർ നിലപാട്( ലെറ്റർ നം.ഡി2/420/2021/ഉ.വി.വ, തീയതി 01/01/2022). അധ്യാപകർക്ക് നിയമപരമായി അവകാശപ്പെട്ട സ്ഥലം മാറ്റം ലഭ്യമാക്കുന്നതിനായി 16 മണിക്കൂറിൽ താഴെജോലിഭാരമുള്ള തസ്തികകളിലുള്ള അധ്യാപകരെ റിലീവ് ചെയ്താൽ തസ്തിക ഇല്ലാതാകുമെന്ന 01/04/2020 ഉത്തരവിലെ വ്യവസ്ഥ ഒഴിവാക്കേണ്ടതാണെന്ന് കമ്മിറ്റികരുതുന്നു. ജോലിഭാരം

നോക്കാതെ തന്നെ നിയമാനുസൃതമായ സ്ഥലംമാറ്റംഅനുവദനീയമാണെന്ന് വ്യക്തമാക്കി 01/04/2020 ലെ ഉത്തരവ് ഭേദഗതി ചെയ്യേണ്ടതുണ്ടെന്നും കമ്മിറ്റി വിലയിരുത്തുന്നു. നിലവിൽ ജോലിചെയ്യുന്നഅധ്യാപകർ എവിടെ ജോലി ചെയ്താലും ശമ്പളം നൽകണം എന്നിരിക്കെ സ്ഥലംമാറ്റത്തിന്റെ പേരിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.സ്ഥലംമാറ്റ കാര്യത്തിൽ വ്യക്തത വരുത്തുന്നതോടുകൂടി ഇത് സംബന്ധിച്ച് ഉയർന്നിട്ടുള്ള ആശങ്കകളും അനിശ്ചിതത്വവും പരിഹരിക്കപ്പെടുമെന്ന്കരുതുന്നു.

5.6. എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർ സ്വന്തം വിഷയത്തിൽ 5 മണിക്കൂർ പഠിപ്പിക്കണമെന്ന നിബന്ധന ഒഴിവാക്കപ്പെടേണ്ടതാണെന്ന അഭിപ്രായം കമ്മിറ്റി മുമ്പാകെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തിൽ കഴമ്പുണ്ടെന്ന് കമ്മിറ്റി കരുതുന്നു. ഭരണപരമായ ജോലിത്തിരക്കിനിടയിൽ യഥാസമയം ക്ലാസിൽ പോകുവാൻ പ്രിൻസിപ്പൽമാർക്ക് കഴിയണമെന്നില്ല. ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായത്തിൽ അധ്യാപനവും ആന്തരികമൂല്യനിർണയവും സമയബന്ധിതമായി നടത്തേണ്ടതുണ്ട്. പ്രിൻസിപ്പൽമാർ 5 മണിക്കൂർ അധ്യാപനം നടത്തണമെന്ന് യുജിസി റെഗുലേഷനിൽ പറയുന്നില്ല. സർക്കാർ കോളേജ് പ്രിൻസിപ്പൽമാരുടെ കാര്യത്തിലും 5 മണിക്കൂർ അധ്യാപന ജോലി ഭാരം നിർബന്ധമല്ല.

5.7. യുജിസി റെഗുലേഷനിൽ പറയുന്ന അസോസിയേറ്റ് പ്രൊഫസർ/ പ്രൊഫസർ അധ്യാപന ജോലിഭാരം 14 മണിക്കൂർ എന്നത് സംസ്ഥാനത്തും നടപ്പാക്കണമെന്ന ആവശ്യവും കമ്മിറ്റി മുമ്പാകെ വന്നിട്ടുണ്ട്.

5.8. 01/04/2020 ഉത്തരവിലെ ജോലിഭാര നിബന്ധനകൾക്കനുസരിച്ച് വേണം 01/06/2020 മുതൽ അധ്യാപക നിയമനം നടത്തേണ്ടതെന്ന നിബന്ധന പാലിക്കാതെ ചില കോളേജുകളിൽ ഏതാനും നിയമനങ്ങൾ നടന്നതായി കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31/0 5/2020 നു മുമ്പ് നോട്ടിഫൈ ചെയ്തതും സർക്കാർ അനുമതിയോടെ നിയമനത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതുമായ നിയമനങ്ങൾ ആണിത്. ഈ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുവാൻ ആവശ്യമായ ശുപാർശകൾ നൽകണമെന്ന നിവേദനം കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്. 31/05/2020 വരെ നിയമപ്രകാരം സർക്കാർ ഉത്തരവിലൂടെ സർക്കാർ നോമിനി

കൂടി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി അംഗീകരിച്ചറാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ, പി എസ് സി നിയമന ശുപാർശ നൽകിയ തസ്തികകൾ എന്നിവ അംഗീകരിക്കാവുന്നതാണെന്ന് ധനവകുപ്പിന്റെ 05/11/2020 ലെ സ.ഉ(അ)നം.152/2020/ധന ഉത്തരവിൽ പറയുന്നു. 31/05/2020 ന് മുൻപ് നോട്ടിഫൈ ചെയ്ത് നിയമനത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ച് കോവിഡ് ലോക്ക്ഡൗൺ മൂലം 31/05/2020 ന് ശേഷം ഇൻറർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി നടത്തിയ ഏതാനും നിയമനങ്ങൾ ഉണ്ട്. ധനവകുപ്പിന്റെ 05/11/2020 ഉത്തരവിൽ പറയുന്ന ആനുകൂല്യം ടി നിയമനങ്ങൾക്ക് കൂടി ബാധകമാക്കേണ്ടതുണ്ടെന്ന് കമ്മിറ്റി കരുതുന്നു.

**6. കമ്മിറ്റിയുടെ ശുപാർശകൾ**

6.1. പി.ജി വെയിറ്റേജ് ഒഴിവാക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് പി.ജിവെയിറ്റേജ് പുനസ്ഥാപിക്കുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കണം.

6.2. സിംഗിൾ ഫാക്കൽറ്റി വിഷയങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. കുറഞ്ഞത് 6 മണിക്കൂർ ജോലിഭാരം ഉണ്ടെങ്കിൽ സിംഗിൾ ഫാക്കൽറ്റി വിഷയങ്ങളിൽ സ്ഥിരം തസ്തിക അനുവദിക്കണം.

6.3. അധിക തസ്തികക്ക് 16 മണിക്കൂർ ജോലിഭാരം എന്ന നിബന്ധന ഒഴിവാക്കണം.കുറഞ്ഞത് 9 മണിക്കൂർ ജോലിഭാരത്തിന് അധിക തസ്തിക അനുവദിക്കണം.

6.4. ജോലിഭാരം നോക്കാതെ അധ്യാപകർക്ക് നിയമപ്രകാരം അവകാശപ്പെട്ട സ്ഥലംമാറ്റം അനുവദനീയമാണെന്ന് വ്യക്തമാക്കി 01/04/2020 ലെ G.O(Ms)No.155/2020/ HEDN ഉത്തരവ് ഭേദഗതി ചെയ്യണം. 16 മണിക്കൂറിൽ താഴെ ജോലിഭാരമുള്ള തസ്തികകളിലെ അധ്യാപകരെ റിലീവ് ചെയ്താൽ തസ്തിക ഇല്ലാതാകുമെന്ന ടി ഉത്തരവിലെവ്യവസ്ഥ ഒഴിവാക്കണം.

6.5. എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരുടെ 5 മണിക്കൂർ അധ്യാപന ജോലിഭാരം ഒഴിവാക്കേണ്ടതാണ്.

6.6. യുജിസി റെഗുലേഷനിൽ പറയുന്നതുപോലെ അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ എന്നിവരുടെ അധ്യാപന ജോലിഭാരം 14 മണിക്കൂർ എന്ന് പുതുക്കി നിശ്ചയിക്കണം.

6.8. 31/05/2020ന് മുൻപ് നോട്ടിഫൈ ചെയ്ത് നിയമനത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ച് 31/05/2020 ന് ശേഷം നടന്നിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നകാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കണം.

ഡോ. ഡി കെ സതീഷ്

പ്രൊഫ. കെ എസ് ജയചന്ദ്രൻ

ഡോ. കെ പി സുകുമാരൻ നായർ

## കൃതജ്ഞത

കേരളത്തിലെ സർക്കാർ / എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജ് അധ്യാപകരുടെ ജോലിഭാരം പുനർനിർണ്ണയിച്ചു കൊണ്ടുള്ള  ഉത്തരവുകളുടെ പ്രത്യാഘാതങ്ങൾ പഠിക്കുന്നതിന് യഥാസമയം ഒരു കമ്മിറ്റി രൂപീകരിച്ച ഉന്നത വിദ്യാഭാസ വകുപ്പിനെ അഭിനന്ദിക്കുന്നു . കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായവും ലഭ്യമാക്കിയ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കും കോട്ടയം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പലിനും കോട്ടയം ബസേലിയസ് കോളേജ് മാനേജ്മെന്റിനും പ്രിൻസിപ്പലിനും കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു. കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിന്മേലുള്ള പ്രതികരണം യഥാസമയം അറിയിക്കുകയും കൂടിക്കാഴ്ചകളിൽ പങ്കെടുക്കുകയും ചെയ്ത അദ്ധ്യാപകരുടേയും പ്രിൻസിപ്പൽമാരുടേയും മാനേജ്മെന്റുകളുടേയും സംഘടനാ പ്രതിനിധികൾക്കും വ്യക്തികൾക്കും നന്ദി പ്രകാശിപ്പിക്കുന്നു